7678
30/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - ഒരു നിയോജക മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മാണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ(സാധാ) നം .** 401/2015/സാനീവ

**തീയതി, തിരുവനന്തപുരം,** 23.06.2015

---

**പരാമർശം :** (1) 16.01.2012 ലെ സ.ഉ (സാധാ)നം. 23/2012/സാക്ഷേവ.
(2) 24.12.2012 ലെ സ.ഉ (സാധാ)നം. 563/2012/സാനീവ.
(3) 21.05.2015 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്.എ7 - 30375/13 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കുട്ടികൾ, അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, വയോജനങ്ങൾ എന്നിവർക്കുള്ള സേവനങ്ങൾ ഒരു അങ്കണവാടി മുഖേന നൽകുക എന്ന ഉദ്ദേശത്തോടുകൂടി ഒരു നിയോജക മണ്ഡലത്തിൽ ഒന്നു വീതം എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെ 108 മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(2) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 10 സെന്റ് ഭൂമി ആവശ്യമാണ്. എന്നാൽ തവനൂർ, പറവൂർ, കളമശ്ശേരി എന്നീ നിയോജക മണ്ഡലങ്ങളിൽ ആവശ്യമായ 10 സെന്റ് ഭൂമി ലഭ്യമായിട്ടില്ലാത്തതിനാൽ ടി നിയോജക മണ്ഡലങ്ങളിൽ മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതില്ലായെന്ന് ബന്ധപ്പെട്ട എം.എൽ.എ മാർ അറിയിച്ചിട്ടുണ്ടെന്നും കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുകയും ആയതിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ടി നിയോജക മണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ മറ്റൊരു മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിന് 10 സെന്റ് ഭൂമി ലഭ്യമാണെന്നും ആയതിനാൽ ടി പഞ്ചായത്തിൽ മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിന് നടപടിയുണ്ടാകണമെന്നും ശ്രീ.പി.സജീന്ദ്രൻ എം.എൽ.എ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പരാമർശം (1) പ്രകാരം ഒരു നിയോജക മണ്ഡലത്തിൽ ഒന്നു വീതം 140 നിയോജകമണ്ഡലങ്ങളിലും മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള തുകയാണ് 14907-ാം നമ്പർ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. 140 നിയോജകമണ്ഡലങ്ങളിലും മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യത കുറവായ സാഹചര്യത്തിൽ 10 സെന്റ് ഭൂമി ലഭ്യമാകാത്ത നിയോജകമണ്ഡലത്തിനുള്ള ഫണ്ട് മറ്റ് നിയോജകമണ്ഡലങ്ങളിൽ ഒന്നിൽ കൂടുതൽ മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന്, സ്ഥലം ലഭ്യമാകുന്ന പക്ഷം, ടി തുക വിനിയോഗിച്ച് മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകണമെന്നും ആകെ 140 മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന പക്ഷം ടി പദ്ധതി നിറുത്തലാക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാതൃകാ അങ്കണവാടി നിർമ്മാണത്തിനായി 10 സെന്റ് ഭൂമി ലഭ്യമാക്കാത്ത നിയോജകമണ്ഡലത്തിനുള്ള ഫണ്ട്, മറ്റ് നിയോജക മണ്ഡലങ്ങളിൽ ഒന്നിൽ കൂടുതൽ മാതൃകാ അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ബന്ധപ്പെട്ട എം.എൽ.എ യുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, വിനിയോഗിച്ച് മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) സംസ്ഥാനത്ത് ആകെ 140 മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി പദ്ധതി നിർത്തലാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ